ടാക്സി (ഡീസൽ):—2002-ൽ കി.മീ.-ന് 4 രൂപയിൽനിന്നും 5 രൂപയായി വർദ്ധനവ് = 25%. 2004-ൽ (പെട്രോൾ & ഡീസൽ) കിലോമീറ്ററിന് 5 രൂപയിൽനിന്നും 6 രൂപയായി വർദ്ധനവ് =20%.

സ്റ്റേജ് ക്യാരേജ്:—സർക്കാർ ഉത്തരവ് നമ്പർ 24/01/Tran. തീയതി 28-9-2001 പ്രകാരം താഴെ പറയുന്ന നിരക്കിൽ വർദ്ധനവുണ്ടായി:

ഓർഡിനറി	—	25%
ഫാസ്റ്റ് പാസഞ്ചർ	—	25%
സൂപ്പർ ഫാസ്റ്റ്	—	24%
സൂപ്പർ എക്സ്പ്രസ്	—	24%
സൂപ്പർ ഡീലക്സ്	—	26%

സർക്കാർ ഉത്തരവ് നമ്പർ 36/04/Tran. തീയതി 15-9-2004 പ്രകാരം ഓർഡിനറി സർവ്വീസുകൾക്കുമാത്രം 20% വർദ്ധനവ് ഏർപ്പെടുത്തി.

സ്ഥിരയാത്രക്കാർക്ക് സീസൺ ടിക്കറ്റ്

52 [1374] *ശ്രീ. സി. ടി. അഹമ്മദ് അലി:*
,, *കളത്തിൽ അബ്ദുള്ള:*
,, *സി. മോയിൻകുട്ടി:*
,, *ടി. പി. എം. സാഹിർ:*
,, *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സർക്കാർ ജീവനക്കാർക്കും സ്ഥിര യാത്രക്കാർക്കും സീസൺ ടിക്കറ്റ് ഏർപ്പെടുത്താൻ ആലോചനയുണ്ടോ;

(ബി) ഇത് നടപ്പിലാക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ; ഇല്ലെങ്കിൽ ബസ് യാത്രക്കാർക്ക് സീസൺ ടിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അന്തർ സംസ്ഥാന സർവ്വീസുകൾ

53 [1378] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
,, *സി. മമ്മൂട്ടി:*
,, *കെ. എൻ. എ. ഖാദർ:*
,, *ഇസ്ഹാക് കുരിക്കൾ:*
,, *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം-ചെന്നൈ, തിരുവനന്തപുരം-ബാംഗ്ലൂർ, തിരുവനന്തപുരം-മൈസൂർ റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾ സ്ഥിരമായി സർവീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. കൂടുതൽ സർവ്വീസ് നടത്തുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അന്തർ സംസ്ഥാന സർവ്വീസുകൾ കൂടുതൽ സഥലങ്ങളിലേക്ക് നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പ്രസ്തുത റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതിന് പുതുതായി അന്തർ സംസ്ഥാന കരാറുകളിൽ ഏർപ്പെട്ടാൽ മാത്രമേ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിനായി ആവശ്യമായ ചർച്ചകൾ നടത്തിവരുന്നു.

ഷെയർ ഓട്ടോ സമ്പ്രദായം

54 [1379] *ശ്രീ. ബി. വിജയകുമാർ:*
,, *പി. ജെ. ജോയി:*
,, *വി. ജെ. പൗലോസ്:*
,, *കെ. സി. ജോസഫ്:*

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലുള്ളപോലെ ഓട്ടോറിക്ഷകൾക്ക് പ്രത്യേക റൂട്ട് അനുവദിക്കുകയും ആ റൂട്ടുകളിൽ പ്രസ്തുത ഓട്ടോറിക്ഷകളിൽ എത്ര ദൂരം സഞ്ചരിക്കുന്നതിനും ഒരാളിൽനിന്ന് നാല് രൂപ മാത്രം ചാർജ് വസൂലാക്കുന്നതിനുമുള്ള ഷെയർ ഓട്ടോ സമ്പ്രദായം സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ സമ്പ്രദായം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ:

(സി) ഇതുമൂലം യാത്രക്കാർക്ക് സാമ്പത്തിക ബുദ്ധിമുട്ടില്ലാതെ അനുവദിക്കപ്പെട്ട റൂട്ടിൽ എവിടെ ഇറങ്ങുന്നതിനുമുള്ള സൗകര്യം ലഭിക്കും എന്നതിനാൽ ഈ സമ്പ്രദായം പഠനവിധേയമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) & (സി) കേരളത്തിൽ ഇത് പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly